**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 92** | **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പി.എം.ശ്രീ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. എൻ. കെ. അക്ബർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര സർക്കാരുമായി ഒപ്പുവെച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പി.എം.ശ്രീ പദ്ധതിയിൽ നിന്നും സംസ്ഥാനത്തിന് പിന്മാറാൻ സാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>**

പി.എം. ശ്രീ ധാരണാപത്രത്തിലെ വ്യവസ്ഥ ചുവടെ ചേർക്കുന്നു

DoSE&L, MoE , GoI reserves the right to rescind, cancel , terminate the agreement in the interest of public by giving a notice of 30 days.

In the event of any amendment, alteration or modification in the terms of the agreement, it shall be met through mutual consent of both the parties.

ധാരണാപത്രത്തിലെ മേൽ വ്യവസ്ഥ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതുതാൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Department of School Education and Literacy (DoSEL) മാത്രമായിരിക്കും. കരാറിലെ വ്യവസ്ഥകളിൽ എതെങ്കിലും ഭേദഗതി , മാറ്റം അല്ലെങ്കിൽ പരിഷ്കരണം ഉണ്ടായാൽ അത് ഇരു പാർട്ടികളുടേയും പരസ്പര സമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ.

കഴിഞ്ഞ സർക്കാർ പി.എം. ശ്രീ പദ്ധതി നടപ്പിലാക്കാമെന്ന് സമ്മതിച്ച് ധാരണാപത്രത്തിൽ ഒപ്പിടുകയും, ഒപ്പിട്ട ധാരണാപത്രത്തിൽ നിന്ന് പിന്മാറാൻ സംസ്ഥാനത്തിന് വ്യവസ്ഥ ഇല്ലാതിരിക്കുകയും വഴി ഉണ്ടായിട്ടുള്ള പ്രതിസന്ധിയാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി. എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി. ഒ. (എം.എസ്.) നം. 107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭാ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

**(ബി)** സഹകരിച്ച് പ്രവർത്തിക്കുന്നതിലെ ബുദ്ധിമുട്ടുകൾ അറിയിക്കുന്നതിനും തർക്കപരിഹാരങ്ങൾക്കുമായി ധാരണാപത്രത്തിൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലുണ്ടായിട്ടും പദ്ധതിയിൽ നിന്നും പിന്മാറുന്നതിനായി പ്രസ്തുത വ്യവസ്ഥകൾ പ്രയോജനപ്പെടുത്താൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

<u>**മറുപടി:**</u> പി.എം. ശ്രീ ധാരണാപത്രത്തിലെ വ്യവസ്ഥ ചുവടെ ചേർക്കുന്നു

DoSE&L, MoE , GoI reserves the right to rescind, cancel , terminate the agreement in the interest of public by giving a notice of 30 days.

In the event of any amendment, alteration or modification in the terms of the agreement, it shall be met through mutual consent of both the parties.

ധാരണാപത്രത്തിലെ മേൽ വ്യവസ്ഥ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതുതാൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Department of School Education and Literacy (DoSEL) മാത്രമായിരിക്കും. കരാറിലെ വ്യവസ്ഥകളിൽ എതെങ്കിലും ഭേദഗതി , മാറ്റം അല്ലെങ്കിൽ പരിഷ്കരണം ഉണ്ടായാൽ അത് ഇരു പാർട്ടികളുടേയും പരസ്പര സമ്മതത്തോടെ മാത്രമേ നടപ്പിലാക്കാവൂ.

കഴിഞ്ഞ സർക്കാർ പി.എം. ശ്രീ പദ്ധതി നടപ്പിലാക്കാമെന്ന് സമ്മതിച്ച് ധാരണാപത്രത്തിൽ ഒപ്പിടുകയും, ഒപ്പിട്ട ധാരണാപത്രത്തിൽ നിന്ന് പിന്മാറാൻ സംസ്ഥാനത്തിന് വ്യവസ്ഥ ഇല്ലാതിരിക്കുകയും വഴി ഉണ്ടായിട്ടുള്ള പ്രതിസന്ധിയാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി. എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി. ഒ. (എം.എസ്.) നം. 107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭാ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

**(സി)** പദ്ധതിയിൽ നിന്നും പിന്മാറിയാൽ രണ്ടായിരം കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന വാദം വസ്തുതാവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയിൽ പങ്കാളിയാകാത്ത കാരണത്താൽ ഏതെങ്കിലും ഫണ്ടുകൾ തടഞ്ഞുവച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

<u>**മറുപടി:**</u> പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാത്തതിനാൽ, സമഗ്ര ശിക്ഷാ കേരളം (SSK), പി.എം.ജൻമൻ (PM JAN MAN), ഡി.എ.ജെ.ജി.യു.എ (DAJGUA), ഡയറ്റ്സ് ഓഫ് എക്സലൻസ് (DIETs of Excellence) എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്ത് ലഭ്യമാകേണ്ടിയിരുന്ന കേന്ദ്ര വിഹിതം തടഞ്ഞുവെച്ചിരിക്കുകയാണ്. 2023-2024 മുതൽ ഇത്തരത്തിൽ സംസ്ഥാനത്തിന് ലഭ്യമാകാനുള്ള തുകയുടെ വിശദാംശം **അനുബന്ധം** ആയി ചേർക്കുന്നു.

**(ഡി)** പഞ്ചാബ് ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സമാനമായ നടപടി സ്വീകരിക്കുന്നതിനുള്ള സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

<u>**മറുപടി:**</u> പഞ്ചാബ് സർക്കാർ 2022 ഒക്ടോബറിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ച് ഏകദേശം 241 സ്കൂളുകളെ പി.എം.ശ്രീ. ആയി തിരഞ്ഞെടുക്കുകയും പിന്നീട് 2023 ജൂലൈയിൽ പഞ്ചാബ് പദ്ധതിയിൽ നിന്ന് ഒഴിവായെങ്കിലും 2024 ജൂലൈ 26-ന് വീണ്ടും പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു.

നിലവിലെ കണക്കുപ്രകാരം പഞ്ചാബിൽ 419 സ്കൂളുകളിൽ പി.എം.ശ്രീ നടപ്പിലാക്കുന്നു.നിലവിൽ തമിഴ് നാട് ഒഴികെ എല്ലാ സംസ്ഥാനങ്ങളും പി.എം.ശ്രീ ധാരണ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

പി.എം.ശ്രീ. ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിന്മാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല.

**(ഇ)** നിയമപരമായി യാതൊരു ബാധ്യതയുമില്ലാത്തതും ചുരുങ്ങിയ കാലയളവ് മാത്രം അവശേഷിക്കുന്നതുമായ ഈ പദ്ധതിയിൽ നിന്നും പിന്മാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കഴിഞ്ഞ സർക്കാർ പി.എം. ശ്രീ പദ്ധതി നടപ്പിലാക്കാമെന്ന് സമ്മതിച്ച് ധാരണാപത്രത്തിൽ ഒപ്പിടുകയും, ഒപ്പിട്ട ധാരണാപത്രത്തിൽ നിന്ന് പിന്മാറാൻ സംസ്ഥാനത്തിന് വ്യവസ്ഥ ഇല്ലാതിരിക്കുകയും വഴി ഉണ്ടായിട്ടുള്ള പ്രതിസന്ധിയാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി. എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി. ഒ. (എം.എസ്.) നം. 107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

**(തുക കോടിയിൽ)**

| **ക്രമ നം.** | **പദ്ധതി** | **വർഷം** | **അംഗീകരിച്ച അടങ്കൽ തുക** | **ആനുപാതിക കേന്ദ്ര വിഹിതം (60%)** | **ലഭിച്ച കേന്ദ്ര വിഹിതം** | **കേന്ദ്ര വിഹിതം ലഭിക്കാനുള്ളത്** |
|---|---|---|---|---|---|---|
| 1. | SSK | 2023-2024 | 702.72 | 421.63 | 141.06 | 280.57 |
| 2. | SSK | 2024-2025 | 855.90 | 513.54 | 0 | 513.54 |
| 3. | SSK | 2025-2026 | 761.08 | 456.65 | 99.27 | 357.38 |
| 4. | SSK | 2026-2027 | 722.79 | 433.67 | 0 | 433.67 |
| 5. | PM JANMAN | 2023-2024<br>2024-2025 | 10.33 | 6.198 | 0.60 | 5.598 |
| 6. | DIET's of Excellence | 2023-2024 | 21.44 | 12.864 | 0 | 12.864 |
| 7. | DA JGUA | 2024-2025 | 5.95 | 3.57 | 0 | 3.57 |
| **Total** | | | | **1848.12** | **240.93** | **1607.192** |